## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6513** — **03.04.2018-ൽ മറുപടിക്ക്**

## മിനിമം വേതനം നടപ്പിലാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളിലാണ് മിനിമം വേതനം നടപ്പിലാക്കിട്ടുള്ളതെന്നും മിനിമം വേതനം നടപ്പിലാക്കാനാകാത്ത മേഖലകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 80 മേഖലകളെ മിനിമം വേതനം നിയമപ്രകാരമുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 78 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ കേബിൾ ടി.വി., പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി മേഖലകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. മിനിമം വേതനം നടപ്പിലാക്കാൻ കഴിയാത്ത മേഖലകൾ ഇല്ല. |
| (ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. മിനിമം വേതനം നിയമത്തിന്റെ ലംഘനങ്ങൾക്കുള്ള പിഴശിക്ഷ ഭേദഗതിയിലൂടെ വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പറുകളിൽ രാവിലെ 7.00 മണിമുതൽ വൈകുന്നേരം 7.00 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം തേടാവുന്നതാണ്. |

| | |
|---|---|
| (സി) അസംഘടിത തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതനവിതരണത്തിൽ സുതാര്യത ഉറപ്പ വരുത്തുന്നതിലേക്കുമായി വേതനസുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതിനോടൊപ്പം വേജ്സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. ടി പദ്ധതി വഴി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സ്ഥാപനപരിശോധന കൂടാതെ തന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും കഴിയുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

'അനുബന്ധം'

<u>സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകൾ</u>

| ക്രമ. നം. | തൊഴിൽ മേഖല |
|---|---|
| 1 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 2 | ടിംബർ ആന്റ് പ്ലൈവുഡ് ഇൻഡസ്ട്രി |
| 3 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 4 | ഓയിൽമിൽ |
| 5 | എൽ.പി.ഗ്യാസ് |
| 6 | ഷോപ്പ്സ് ഹോട്ടൽ ആന്റ് റസ്റ്റാറന്റ് |
| 7 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 8 | ഹാന്റ്ലൂം ആന്റ് ഡൈലി പീസ് റേറ്റ്സ് എംപ്ലോയീസ് |
| 9 | മൈനർ എഞ്ചിനീയറിംഗ് |
| 10 | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് |
| 11 | ഖാദി ഇൻഡസ്ട്രീസ് |
| 12 | ഡൊമസ്റ്റിക് വർക്സ് |
| 13 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ് |
| 14 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 15 | സിനിമാ തീയറ്ററുകൾ |
| 16 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര |
| 17 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി |
| 18 | ഹാന്റ്ലൂം കം മന്ത്ലി പെയ്ഡ് എംപ്ലോയീസ് |
| 19 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് |
| 20 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ |
| 21 | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് |

| | |
|---|---|
| 22 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് |
| 23 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |
| 24 | ടോഡി ടാപ്പിംഗ് |
| 25 | കുടനിർമ്മാണം |
| 26 | റിവർ സാന്റ് കളക്ഷൻ |
| 27 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 28 | മൈനർ പോർട്ട് |
| 29 | ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് |
| 30 | ഫോറസ്റ്റ് |
| 31 | സ്ക്രീൻ പ്രിന്റിംഗ് |
| 32 | ട്രീ ക്ലൈംബിംങ് |
| 33 | ഹാന്റിക്രാഫ്റ്റ് |
| 34 | പെട്രോൾപമ്പ് |
| 35 | മാർബിൾ ആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രി |
| 36 | ടിംബർ കട്ടിംഗ് |
| 37 | സെക്യൂരിറ്റി സർവ്വീസ് |
| 38 | ഇലക്ട്രോണിക് ഇൻഡസ്ട്രി |
| 39 | ടെലിംഫിലിം ആന്റ് മോഷൻ പിക്ചർ |
| 40 | ബ്രിക്സ് മാനുഫാക്ചറിംഗ് |
| 41 | തീപ്പെട്ടി വ്യവസായം |
| 42 | പവർലൂം |
| 43 | അലുമിനിയം ആന്റ് ടിൻ പ്രോഡക്ട് |
| 44 | ചാർട്ടേഡ് അക്കൗണ്ട് ആഫീസുകൾ |
| 45 | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ |

| | |
|---|---|
| 46 | ഇലക്ട്രിക് എകിപ്മെന്റ്സ് ഹോം അപ്ലൈയൻസ് ആന്റ് ഓപ്പറേഷൻസ് ഓഫ് സോഫ്ഫ്റ്റ് വെയർ സിസ്റ്റം |
| 47 | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് |
| 48 | പ്ലാസ്റ്റിക് ഇൻഡസ്ട്രി |
| 49 | പ്രൈവറ്റ് ടെംപിൾസ് |
| 50 | സോപ്പ് മാനുഫാക്ചറിഗ് |
| 51 | ടാനറീസ് ആന്റ് ലെതർ മാനുഫാക്ചറിംഗ് |
| 52 | വാട്ടർബോട്ട് ട്രാൻസ്പോർട്ട് |
| 53 | കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ഓഫ് ഡാംസ് |
| 54 | ഡയമ് കട്ടിംങ് ആന്റ് പോളിഷിംഗ് |
| 55 | ഹോസിയറി മാനുഫാക്ചറിംഗ് |
| 56 | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി |
| 57 | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 58 | സ്റ്റാർ ഹോട്ടൽ |
| 59 | കയർ ഇൻഡസ്ട്രി |
| 60 | ഓയിൽപാം |
| 61 | പ്രൈവറ്റ് ഹോസ്പിറ്റൽസ് |
| 62 | ബ്രുവറീസ് |
| 63 | ടൈൽ ഇൻഡസ്ട്രി |
| 64 | കാഷ്യൂ ഇൻഡസ്ട്രി |
| 65 | റബ്ബർ ക്രേപ്പ് മിൽസ് |
| 66 | പ്ലാന്റേഷൻസ് |
| 67 | ഹോസ്റ്റൽസ് |
| 68 | ഐസ് ഫാക്ടറീസ് |
| 69 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി |

| | |
|---|---|
| | |
| 70 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |
| 71 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 72 | പ്രിന്റിംഗ് പ്രസസ് |
| 73 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് |
| 74 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ |
| | **പുതുതായി മിനിമം വേതനം നിശ്ചയിച്ച മേഖലകൾ** |
| 75 | മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് |
| 76 | ഫോട്ടോഗ്രാഫി ആൻഡ് വീഡിയോഗ്രാഫി |
| 77 | ഫുട് വെയർ മാനുഫാക്ചറിങ്ങ് |
| 78 | പേപ്പർ ഇൻഡസ്ട്രി |
| | **പുതുതായി മിനിമം വേതനം നിശ്ചയിക്കാനുള്ള മേഖലകൾ** |
| 79 | പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 80 | കേബിൾ ടി.വി. |

സെക്ഷൻ ഓഫീസർ.